# ആ കർമയോഗിയും വിടവാങ്ങി

## കെ. ഷംസുദ്ദീൻ പൂക്കോട്ടൂർ



*പാലക്കൻ മമ്മദ് ഹാജി*

**പൂക്കോട്ടൂർ** മമ്മദ് ഹാജി എന്ന് അറിയപ്പെട്ടിരുന്ന പാലക്കൻ മമ്മദ് ഹാജി ജമാഅത്തെ ഇസ്‌ലാമി അംഗവും പൂക്കോട്ടൂർ എവർഷൈൻ ചാരിറ്റബ്ൾ ട്രസ്റ്റ് ട്രഷററും പൂക്കോട്ടൂരിലെ പൗര പ്രമുഖനുമായിരുന്നു. പുരോഗമനചിന്തകളും ആശയങ്ങളും ചെറുപ്പത്തിലേ ഉണ്ടായിരുന്ന അദ്ദേഹം വളരെയധികം എതിർപ്പുകളെ നേരിട്ടാണ് ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവർത്തനങ്ങളുമായി ആദ്യകാലത്ത് സഹകരിച്ചിരുന്നത്.

പൂക്കോട്ടൂരിലെ പ്രശസ്തമായ പാലക്കൻ തറവാട്ടുകാരനായ അദ്ദേഹം ഉയർന്ന സാമ്പത്തിക സ്ഥിതിയിലാണ് വളർന്നത്. ഹൈസ്കൂൾ വിദ്യാർഥിയായിരിക്കെ വിവാഹവും തുടർന്ന് ഹജ്ജ് കർമവും നിർവഹിച്ച മമ്മദ് ഹാജി പിന്നീട് പല തവണ ഹജ്ജ് കർമം നിർവഹിക്കുകയുണ്ടായി. പല തവണ ഹജ്ജ് വളണ്ടിയറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

വ്യാപാര സേവന രംഗങ്ങളിൽ സജീവ സാന്നിധ്യമായിരുന്ന അദ്ദേഹത്തിന് സ്വദേശത്തും വിദേശത്തുമായി വലിയ സുഹൃദ് വലയമുണ്ടായിരുന്നു. വിപുലമായ ഈ സുഹൃദ്ബന്ധങ്ങൾ പാവങ്ങൾക്ക് സഹായമെത്തിക്കാൻ അദ്ദേഹം പ്രയോജനപ്പെടുത്തി. ഗൾഫ്നാടുകളിലെ തന്റെ പരിചയവും സ്വാധീനവും ഉപയോഗിച്ച് ദരിദ്രരായ ധാരാളം ചെറുപ്പക്കാർക്ക് അദ്ദേഹം ഗൾഫിൽ ജോലി നേടിക്കൊടുക്കുകയുണ്ടായി. പോലീസിലും മറ്റു ഔദ്യോഗിക മേഖലകളിലും അദ്ദേഹത്തിനുണ്ടായിരുന്ന ബന്ധങ്ങൾ സാധാരണക്കാർക്ക് ഏറെ സഹായകരമായിരുന്നു. പ്രശസ്തരായ ഡോക്ടർമാരുമായി മമ്മദ് ഹാജിക്കുണ്ടായിരുന്ന ബന്ധങ്ങൾ പാവപ്പെട്ട രോഗികൾക്ക് ചുരുങ്ങിയ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭിക്കാൻ സഹായകമായിട്ടുണ്ട്. നിർധനരായ രോഗികളെ സ്വന്തം ചെലവിൽ ഡോക്ടറെ കാണിക്കുന്നതിലും തുടർചികിത്സക്ക് സൗകര്യമൊരുക്കുന്നതിലും അദ്ദേഹം ദത്തശ്രദ്ധനായിരുന്നു.

പ്രസ്ഥാനവുമായി ബന്ധപ്പെട്ട ഒട്ടുമിക്ക പരിപാടികളിലും നിറസാന്നിധ്യമായിരുന്നു അദ്ദേഹം. ഐ.ആർ.ഡബ്ല്യുവിൽ സജീവ അംഗമായിരുന്നു. അനാരോഗ്യം കണക്കിലെടുക്കാതെ കൃത്യമായി ക്യാമ്പുകളിൽ പങ്കെടുത്ത് സേവന പ്രവർത്തനങ്ങൾ നടത്തുമായിരുന്നു. ഗുജറാത്ത് ഭൂകമ്പ ദുരിതങ്ങൾ നേരിൽ കണ്ട് പഠിക്കുന്നതിന് പോയ സംഘത്തിൽ അദ്ദേഹവും അംഗമായിരുന്നു.

പൂക്കോട്ടൂർ എവർഷൈൻ ചാരിറ്റബ്ൾ ട്രസ്റ്റിന്റെ ട്രഷറർ ആയി പ്രവർത്തിച്ചിരുന്ന അദ്ദേഹത്തിന്റെ ശ്രമഫലമായിട്ടാണ് ട്രസ്റ്റിന് തുടക്കം കുറിച്ചതുതന്നെ. തുടക്കത്തിൽ അദ്ദേഹം സംഭാവന ചെയ്ത 10 സെന്റ് സ്ഥലത്തിന്റെ പേരിലാണ് ട്രസ്റ്റ് രജിസ്റ്റർ ചെയ്തത്. ട്രസ്റ്റിന്റെ കീഴിൽ നിർമിച്ച പള്ളിയുടെ സ്ഥലം അദ്ദേഹത്തിന്റെ പിതാവ് മർഹൂം കുഞ്ഞാലൻ ഹാജി വഖ്ഫ് ചെയ്തതാണ്. പള്ളിയുടെ നിർമാണത്തിനാവശ്യമായ മുഴുവൻ തുകയും മമ്മദ് ഹാജിയുടെ കഠിനശ്രമത്തിന്റെ ഫലമായി ലഭിച്ചതുമായിരുന്നു. പള്ളി പരിപാലനത്തിന് സ്ഥിര വരുമാനം ലക്ഷ്യമാക്കി നാല് ഫ്ളാറ്റുകളുള്ള രണ്ട് നിലകെട്ടിടം നിർമിക്കാൻ ആവശ്യമായ 16 സെന്റ് സ്ഥലം ദേശീയ പാതക്ക് സമീപം അദ്ദേഹത്തിന്റെ കുടുംബം ദാനം ചെയ്യുകയുണ്ടായി. 28 ലക്ഷത്തോളം രൂപ ചെലവ് വന്ന പ്രസ്തുത കെട്ടിടത്തിന്റെ നിർമാണത്തിന് ആവശ്യമായ മുഴുവൻ തുകയും മമ്മദ് ഹാജിയുടെ കഠിന പരിശ്രമത്തിന്റെ ഫലമായി സ്വരൂപിച്ചതാണ്. ഈ ഫ്ളാറ്റ് പണി പൂർത്തീകരിച്ച് ഉദ്ഘാടന കർമം നിർവഹിക്കാനിരിക്കെയാണ് അദ്ദേഹം ഇഹലോകവാസം വെടിഞ്ഞത്.

ഉദ്ദേശിച്ച ലക്ഷ്യം നേടാൻ സാമ്പത്തികമോ ശാരീരികമോ ആയ പ്രയാസങ്ങളൊന്നും അദ്ദേഹത്തിന് തടസ്സമായിരുന്നില്ല. പ്രശ്നങ്ങളെയും പ്രയാസങ്ങളെയും സധൈര്യം എതിരിട്ട് ലക്ഷ്യം കൈവരിക്കുക അദ്ദേഹത്തിന്റെ ജീവിത ശൈലിയായിരുന്നു.

അത്യുദാരമായ മനസ്സിന്റെ ഉടമയായിരുന്നു അദ്ദേഹം. പ്രസ്ഥാന പ്രവർത്തനത്തിന് സാമ്പത്തിക പ്രയാസങ്ങൾ നേരിട്ടപ്പോൾ മമ്മദ് ഹാജിയുടെ പിശുക്കറിയാത്ത കൈകളാണ് പൂക്കോട്ടൂരിലെ പ്രസ്ഥാന പ്രവർത്തകർക്ക് താങ്ങായി വർത്തിച്ചത്. പ്രസ്ഥാന പ്രവർത്തനം അദ്ദേഹത്തിന് ആവേശമായിരുന്നു.

ചികിത്സാർഥം ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തപ്പോഴും തന്നെ സന്ദർശിക്കാനെത്തുന്ന പ്രസ്ഥാന പ്രവർത്തകരോട് ദൽഹിയിൽ നടക്കുന്ന ജമാഅത്ത് അംഗങ്ങളുടെ സമ്മേളനത്തിന് താൻ പോകുമെന്ന് നിശ്ചയ ദാർഢ്യത്തോടെ അദ്ദേഹം പറഞ്ഞു. അസുഖം ഭേദമായി വീട്ടിലേക്ക് തിരിക്കാൻ നിശ്ചയിച്ചതിന്റെ തലേനാൾ പെട്ടെന്ന് അനുഭവപ്പെട്ട വയറുവേദനയും തുടർന്നുള്ള അസുഖങ്ങളും മൂർഛിക്കുകയായിരുന്നു. ദൽഹി സമ്മേളനത്തിൽ പങ്കെടുക്കാനുള്ള ആഗ്രഹം സഫലമാകാതെ അദ്ദേഹം നാഥങ്കലേക്ക് മടങ്ങി.

രോഗപീഡയും വാർധക്യവും തളർത്താത്ത ആ കർമയോഗിയുടെ വിയോഗം നാട്ടിലെ പാവങ്ങൾക്കും പ്രസ്ഥാന പ്രവർത്തകർക്കും തീരാനഷ്ടമാണ്.

അല്ലാഹു അദ്ദേഹത്തെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. ■